(3) ആലപ്പുഴ മെഡിക്കൽകോളേജാശുപത്രിക്കു വേണ്ടി നീക്കിവച്ച സ്ഥലം

ശ്രീ. വി. ദിനകരൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ആലപ്പുഴ മെഡിക്കൽ കോളേജിനുവേണ്ടി 1976-ൽ 107 കുടുംബങ്ങളുടെ 35 ഏക്കറോളം സ്ഥലം മരവിപ്പിക്കുകയുണ്ടായി. ഒരു സെന്റിന് 300 രൂപയാണ് 1976-ൽ വില നിശ്ചയിച്ചത്. ഇന്ന് അവിടെ ഒരു സെന്റ് സ്ഥലം വാങ്ങണമെന്നുണ്ടെങ്കിൽ അയ്യായിരം രൂപ കൊടുത്താൽ പോലും പറ്റാത്ത സ്ഥിതിയാണുള്ളത്. 1986-ൽ ഉള്ള വില ഇവർക്ക് കിട്ടാനുള്ള നടപടി സ്വീകരിക്കണം. അവർ ഒഴിഞ്ഞുപോകാൻ തയ്യാറാണ്. പക്ഷേ നിലവിലുള്ള മാർക്കറ്റ് വില ബന്ധപ്പെട്ട ആളുകൾക്ക് കിട്ടാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് പറയാനുള്ളത്. മെഡിക്കൽ കോളേജിൽ തന്നെ 8 ഏക്കറോളം സ്ഥലം ഇങ്ങനെ കുടിയൊഴിപ്പിക്കപ്പെട്ടവരെ മാറിത്താമസിപ്പിക്കാൻ വേണ്ടി റിസർവ്വ് ചെയ്തിട്ടുണ്ട്. അഞ്ച്/പത്തുസെന്റ് സ്ഥലം അവർക്ക് പകരം കൊടുക്കാൻ നടപടി സ്വീകരിക്കുകയും വേണം. അവരുടെ വീടുകൾക്കും കാർഷിക വിളകൾക്കും നിലവിലുള്ള മാർക്കറ്റ് വില ഉറപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. എന്നാൽ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തു നിന്നും 1976-ലെ വില നൽകി അവരെ കുടിയൊഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആ നടപടി നിർത്തിവച്ചുകൊണ്ട് 1986-ലെ മാർക്കറ്റ് വില അവർക്ക് ലഭ്യമാക്കി പാവപ്പെട്ട കുടികിടപ്പുകാരെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ) ഈ സ്ഥലമെടുപ്പു സംബന്ധിച്ച് നിശ്ചയിച്ച തുക പോരെന്നു പറഞ്ഞ് ഒരു പരാതി മി. ശിവാനന്ദനും കൂട്ടരും ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. അതു ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുകയാണ്. അതുകൊണ്ട് അക്വിസിഷൻ സംബന്ധിച്ച മറ്റു നടപടികളൊന്നും സ്വീകരിക്കാൻ നിവൃത്തിയില്ല. എങ്കിലും അക്വയർ ചെയ്യുന്ന സ്ഥലത്തിനു പകരമായി ഭൂമി കൊടുക്കണമെന്നുള്ള നിർദ്ദേശം തീർച്ചയായിട്ടും പരിഗണിക്കാം.

(4) സി.പി.ഐ (എം) പ്രവർത്തകനായ വിജയനെ കൊലപ്പെടുത്തിയ സംഭവം

ശ്രീ. സി. കെ. തങ്കപ്പൻ : സർ, കുണ്ടറ നിയോജക മണ്ഡലത്തിലെ പടപ്പക്കര പള്ളിക്ക് സമീപം വച്ചു 19-ാം തീയതി പകൽ 2 മണിക്ക് സി. പി. ഐ. പ്രവർത്തകനായ സഖാവ് വിജയനെ മാരകായുധങ്ങളുപയോഗിച്ച് വെട്ടിക്കൊലപ്പെടുത്തിയിരിക്കുകയാണ്. അദ്ദേഹത്തെ കൊലപ്പെടുത്തിയത് ദാസൻ, സോളമൻ, വിൽഫ്രഡ്, ഹാരിസൺ തുടങ്ങിയ കോൺഗ്രസ് (ഐ) പ്രവർത്തകരാണ്. കഴിഞ്ഞ ഓണക്കാലത്തു വിജയന്റെ സഹോദരനെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിൽ ഇവരെല്ലാം തന്നെ പ്രതികളാണ്. ആ കേസ്സിൽ പ്രതികളായിരിക്കുമ്പോഴാണ് ഈ കൊലപാതകം ഇവർ നടത്തിയിരിക്കുന്നത്. ഇതു ഒറ്റപ്പെട്ട സംഭവമല്ല. കുണ്ടറ മണ്ഡലത്തിലെ കാഞ്ഞാവള്ളി, മൺറോതുരുത്ത്, മുളവന പടപ്പക്കര തുടങ്ങിയ പ്രദേശങ്ങളിൽ വ്യാപകമായി കൊലപാതകങ്ങൾ അരങ്ങേറിയിരിക്കുകയാണ്. ഈ കൊലപാതകങ്ങൾക്കുള്ള വേദിയെല്ലാം ഒരുക്കിയെടുത്തത് ഈ സഭയിലെ അംഗമായ ശ്രീമാൻ തോപ്പിൽ രവിയാണ്. അദ്ദേഹം മണ്ഡലം ഒരുക്കിയെടുക്കുകയാണെന്നാണ് നാട്ടുകാർ പറയുന്നത്. ഇതെന്തൊരു മണ്ഡലം ഒരുക്കലാണ് സർ? അതുകൊണ്ട് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് മന്ത്രിയോട് ഞാൻ പറയുന്നത് വിജയന്റെ കൊലപാതകികളെ അറസ്റ്റ് ചെയ്യണമെന്നാണ്. ഒരു കൊലപാതകത്തിന്റെ കേസിൽ പ്രതികളായി നിൽക്കുന്ന ആളുകൾ തന്നെ മറ്റൊരു കൊലപാതകം കൂടി നടത്തുകയെന്നു പറഞ്ഞാൽ ഈ രാജ്യത്ത് എന്താണ് സംഭവിച്ചത് എന്നു എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. വിജയന്റെ കൊലയാളികളെ ഇന്നു തന്നെ അറസ്റ്റ് ചെയ്യാനുള്ള ഉത്തരവ്. കൊടുക്കണമെന്നാണ് ഞാൻ മന്ത്രിയോട് ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഒക്ടോബർ മാസം 19-ാം തീയതി ഒരു മണിയോടു കൂടിയാണ് വിജയനെന്ന മാർക്സിസ്റ്റ് പ്രവർത്തകനെ വിൽഫ്രഡ്, ഹാരിസൺ, സോളമൻ, എന്നിവർ ചേർന്ന് ആക്രമിച്ച് മാരകമായി പരിക്കേൽപ്പിച്ചത്. ആശുപത്രിയിലേക്ക്. കൊണ്ടുപോകുന്ന വഴിക്കു വിജയൻ മരിക്കുകയുണ്ടായി. ഇവരുടെ പേരിൽ 302 അനുസരിച്ച് കേസെടുത്തിട്ടുണ്ട്. കേസിന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. സീനിയർ ഓഫീസറെ അവിടെ അതിനായി പ്രത്യേകം നിയോഗിച്ചിട്ടുണ്ട്. പോലീസ് പെട്രോളും നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതു പോലെ ജൂലൈ മാസത്തിൽ കോൺഗ്രസ് പ്രവർത്തകരെ സി.പി.ഐ പ്രവർത്തകർ ആക്രമിച്ച ഒരു കേസുണ്ട്. അതിനുശേഷം സി.പി.ഐ പ്രവർത്തകരെ കോൺഗ്രസുകാർ ആക്രമിച്ച ഒരു കേസും നിലവിലുണ്ട്. പക്ഷെ ഈ കൊലപാതകത്തെ സംബന്ധിച്ച് യാതൊരു വിധത്തിലുള്ള അലസതയും കൂടാതെ പ്രതികളെ ആരാണെന്നത് നോക്കാതെതന്നെ കുറ്റക്കാരെ കണ്ടെത്തി ശിക്ഷിക്കുന്നതിനുവേണ്ട എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിൽ ആശങ്ക ഉണ്ടാകേണ്ട കാര്യമില്ല.

(5) ശ്രീ. എം. വി. രാഘവനുനേരെ നടന്ന ആക്രമണം

ശ്രീ. എം.വി. രാഘവൻ : സർ, പാപ്പിനിശ്ശേരിയിൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിൽ ഞങ്ങൾ ഒരു ഹോസ്പിറ്റൽ നടത്തുന്നുണ്ട്. പാപ്പിനിശ്ശേരി വിഷ ചികിൽസാകേന്ദ്രം. 22 വർഷമായി ഇതു തുടങ്ങിയിട്ട്. ഈ വിഷ ചികിൽസാകേന്ദ്രത്തിൽ ആദ്യം ആയൂർവേദവും പിന്നീട് അലോപ്പതിയും ഇപ്പോൾ രണ്ടും കമ്പൈൻഡായുള്ള ട്രീറ്റ്മെന്റുണ്ട്. ഇവിടെ ആയിരക്കണക്കിന് രോഗികളെ രക്ഷിച്ചിട്ടുണ്ട്. ഈ സ്ഥാപനം ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ഐ.സി.എം.ആർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടായി എടുക്കുകയും ആയൂർവേദത്തെപ്പറ്റി ഒരു റിസർച്ച് നടത്തുകയുമാണ്. ഞാൻ രണ്ടു ദിവസം മുമ്പു ഇതു സംബന്ധിച്ച് ഡോക്ടർമാരുമായി ചർച്ച ചെയ്യാൻ അവിടെ പോയപ്പോൾ മുന്നൂറിലധികം ആളുകൾ കുറച്ച് റൗഡികളുടെ നേതൃത്വത്തിൽ ആശുപത്രി ആക്രമിക്കാൻ ശ്രമിച്ചു. എന്നെ ആക്രമിക്കാനും ശ്രമിച്ചു. അതിനെ ചെറുക്കാൻ ശ്രമിച്ച ഞങ്ങളുടെ രണ്ടു മൂന്നു സഖാക്കളെ ആക്രമിച്ച് ആശുപത്രിയിലാക്കിയിരിക്കുകയാണ്. സഖാവ് ബേബി, ദിവാകരൻ, ഞങ്ങളുടെ പാർട്ടിയുടെ സെക്രട്ടേറിയറ്റ് മെമ്പർ ഐ.വി. ശിവരാമൻ, അവിടെ ആയൂർവേദ മരുന്നുണ്ടാക്കുന്ന ഒരു ജീവനക്കാരനായ കുഞ്ഞിരാമൻ എന്നിവരെ ആക്രമിച്ചു. ഈ ആക്രമണം നടത്തിയവർ തെമ്മാടികളും ഗുണ്ടകളുമാണെന്നാണ് ആദ്യം ഞാൻ ധരിച്ചത്. പിന്നീട് അന്വേഷണത്തിൽ മനസ്സിലായത് എന്റെ പഴയ പാർട്ടിയുടെ പിൻതുണയോടുകൂടിയാണ് ഈ ആക്രമണം നടന്നതെന്നാണ്. പോലീസിനെ വിളിച്ചെങ്കിലും പോലീസ് എത്തിയത് 2 മണിക്കൂർ കഴിഞ്ഞിട്ടാണ്. നിയമസമാധാനം പാലിക്കുന്നതിൽ പോലീസ് പരാജയപ്പെട്ടെന്നാണ് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly